milma

Kerala Co-operative Milk Marketing Federation Ltd.
Milma Bhavan, Pattom Palace P.O, Thiruvananthapuram-695004
Phone:0471-2786415,424, Website www.milma.com, E mail:marketing@milma.com

കെ.സി.എം.എം.എഫ്./കെ.എച്ച്.ഒ.എം.കെ.ടി.ജി/2026-27/5937 19-06-2026

ഡയറക്ടർ ഇൻ ചാർജ്ജ് &
സെക്രട്ടറി അമാൽഗമേറ്റഡ് ഫണ്ട്
സൈനിസക ക്ഷേമ ഡയറക്ടർ
വികാസ് ഭവൻ- തിരുവനന്തപുരം - 695033

സർ,

വിഷയം:- മുൻ സൈനികർക്കും, വീരനാരികൾക്കും / വിധവകൾക്കും മിൽമ ബൂത്ത് ആരംഭിക്കുന്നതിനുള്ള കരാർ വ്യവസ്ഥകളും മാർഗ്ഗരേഖകളും - സംബന്ധിച്ച്

സൂചന :- 1. 03.06.2026-ാം തീയതി താങ്കൾനൽകിയ DSW/199(1)/2025-D1 നമ്പർ കത്ത്.
2. 24.02.2026-ാം തീയതി താങ്കൾ നൽകിയ DSW/199(1)/2025D1 നമ്പർ കത്ത്.

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മുൻ സൈനികർക്കും, വീരനാരികൾക്കും / വിധവകൾക്കും മിൽമ ബൂത്ത് ആരംഭിക്കുന്നതിന് നിലവിലുള്ള മാർഗരേഖകൾ, കരാർ വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുള്ള താങ്കളുടെ അന്വേഷണത്തിന് മറുപടിയായി നിലവിലുള്ള മാനദണ്ഡങ്ങൾ താഴെ നൽകുന്നു.

| ബൂത്ത് | സെക്യൂരിറ്റി ഡെപ്പോസിറ്റ് (Rs) |
|---|---|
| നോർമൽ ഏജൻസി/ബൂത്ത് | 3,000 |
| പാർലർ | 50,000 |
| ഫ്രാഞ്ചൈസി ഷോപ്പ്/ ചിൽ മിൽ (Chill Mill) | 2,00,000 |

- സെക്യൂരിറ്റി ഡെപ്പോസിറ്റ് (Security Deposit) കുറഞ്ഞത് മൂന്ന് വർഷത്തെ

കാലയളവിലേക്കായിരിക്കുംഅടിസ്ഥാന സൗകര്യങ്ങൾ (**Infrastructure Requirements**)

- വിസ്തീർണ്ണം: ബൂത്ത് ആരംഭിക്കുന്നതിന് കുറഞ്ഞത് 100 മുതൽ 150 ചതുരശ്ര അടി (Sq. Ft.) വിസ്തീർണ്ണം ഉണ്ടായിരിക്കണം.
- ഷോപ്പി ആരംഭിക്കുന്നതിന് 150 മുതൽ 200 ചതുരശ്ര അടി (Sq. Ft.) വിസ്തീർണ്ണം ഉണ്ടായിരിക്കണം.
- മിൽമയുടെ ഐസ്ക്രീം മാത്രം വിൽക്കുന്ന ലഭ്യമാകുന്ന ചിൽ മിൽ (Chill Mill) ഷോപ്പിന് 200 ചതുരശ്ര അടി (Sq. Ft.) വിസ്തീർണ്ണവും ഐസ്ക്രീമിനൊപ്പം മറ്റ് മിൽമ ഉൽപ്പന്നങ്ങളും ലഭ്യമാകുന്ന ചിൽ മിൽ (Chill Mill) ആണെങ്കിൽ 500 ചതുരശ്ര അടി (Sq. Ft.) വിസ്തീർണ്ണവും ഉണ്ടായിരിക്കണം.
- ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ എത്തിച്ചേരാനും, ഉൽപ്പന്നങ്ങൾക്ക് പരമാവധി ദൃശ്യപരത ഉറപ്പാക്കാനും ഷോപ്പുകൾ കെട്ടിടത്തിൻറെ ഗ്രൗണ്ട് ഫ്ളോറിൽ (Ground Floor) തന്നെ ആയിരിക്കേണ്ടതാണ്.
- ഫ്രീസറുകൾ, വിസി-കൂളറുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുന്നതാണ്.
- ഷോപ്പിൻറെ ഡിസൈനുകൾ, Lighting arrangements എന്നിവയ്ക്കുള്ള ആർട്ട് വർക്കുകളും നിർദ്ദേശങ്ങളും സൗജന്യമായി നൽകുന്നതാണ്.
- പാൽ, തൈര്, സംഭാരം, നെയ്യ് എന്നിവ ഒഴികെയുള്ള എല്ലാ മിൽമ ഉൽപ്പന്നങ്ങളും ഷോപ്പിക്ക് ഏജൻസി നിരക്കിലും (RTR), ചിൽ മിൽ(Chill Mill)ന് ഹോൾസെയിൽ നിരക്കിലും വിതരണം ചെയ്യും. ഏരിയ ഡിസ്ട്രിബ്യൂട്ടർ വഴി ആഴ്ചയിൽ രണ്ട് തവണ ഉൽപ്പന്നങ്ങൾ ലഭ്യമാക്കും.

മേൽപ്പറഞ്ഞവ ഒരു മിൽമ ബൂത്ത്/പാർലർ/ചിൽ മിൽ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന ആവശ്യകതകളായി കണക്കാക്കാവുന്നതാണ്. ഇത് താങ്കളുടെ അറിവിലേക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Sreekumar T
Date: 10-06-2026 09:23:55
MANAGER MARKETING (MKTG-KHO)

The document is Digitally Approved. Hence Signature is not needed.